ഗവ എച്ച് എസ്
ജവഹർ കോളനി

# നിലാവ്

ലിറ്റിൽ കൈറ്റ്സ്

ഡിജിറ്റൽ മാഗസിൻ


2023-2024




**Gmail:jawaharcolonyups@gmail.com**
**Blog:ghsjawaharcolony.blogspot.com**
**Website: jawaourschool.yolasite.com**



# ഹെഡ്മിസ്ട്രസ്



ആശ ജി എസ്

"ലിറ്റിൽ കൈറ്റ്സിന്റെ സജീവമായ പ്രവർത്തനങ്ങൾക്കും ഒൻപതാം ക്ലാസ് ലിറ്റിൽ കൈറ്റ്സ് പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിനും എല്ലാവിധ ആശംസകളും നേടുന്നു."

# പി ടി എ പ്രസിഡന്റ്



റിജു ശ്രീധർ

"ടെക്നോളജിയുടെ ഈ പുതുയുഗത്തിൽ നമ്മുടെ തലമുറ മാറ്റങ്ങൾ ഉൾക്കൊണ്ട് കൂടുതൽ കരുത്തായും കരുതലായും മാറട്ടെ...ലിറ്റിൽ കൈറ്റ്സിനും നിങ്ങളുടെ പ്രവർത്തനങ്ങൾക്കും എല്ലാവിധ ആശംസകളും നേരുന്നു".

## കൈറ്റ് മിസ്ട്രസ്



ശ്രീജ എൽ

## കൈറ്റ് മിസ്ട്രസ്



ഷീജ എൽ എസ്

# OUR LITTLE KITES 2022-2025



# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ–ആശ ജി എസ്

സ്റ്റാഫ് എഡിറ്റർ–ശ്രീജ എൽ ,ഷീജ എൽ എസ്

സ്റ്റുഡന്റ് എഡിറ്റർ–അഹമ്മദ് ലിജിൻ

## സബ് എഡിറ്റർമാർ

മുഹമ്മദ് അർഷാദ്

പ്രണവ് നായർ

പ്രണവ് എ ബി

കാശിനാഥ് എ എസ്

ആദൽ എസ്

## മലയാളം ടൈപ്പിംഗ്

പ്രണവ് എ ബി

പ്രണവ് നായർ

മുഹമ്മദ് അർഷാദ്

അഹമ്മദ് ലിജിൻ

അലീന ബി ക്ലീറ്റസ്

സന നസ്റിൻ

അക്ഷര എൻ എസ്

## മാഗസിൻ കമ്മിറ്റി കൺവീനർമാർ


മുഹമ്മദ് സുഫിയാൻ

അക്ഷര എൻ എസ്

പ്രസിദ്ധീകരിക്കുന്നത്–ലിറ്റിൽ കൈറ്റ്സിനുവേണ്ടി

ചീഫ് എഡിറ്റർ **ഗവ എച്ച് എസ് ജവഹർകോളനി**

പുതുകാലത്തിന്റെ
പുത്തൻപ്രതീക്ഷകളുമായി.....
വെളിച്ചത്തിന്റെ....
തൂനിലാവ്....
ആസുരകാലത്തിന്റെ ....
ആരവങ്ങൾക്കിടയ്ക്ക്.
കുഞ്ഞുനക്ഷത്രങ്ങൾ
രചനകളിലൂടെ
നിലാവ് പരത്തുന്നു
സ്നേഹത്തിന്റെ ....
നന്മയുടെ...
ഒത്തൊരുമയുടെ...
വെളിച്ചം വിതറി
നിലാവ് തെളിയുന്നു...



# ഉള്ളടക്കം


| കൃതി | വിഭാഗം | പേജ് |
|---|---|---|
| കുട്ടിക്കാലം | കവിത | 9 |
| **THE LIFE** | **poem** | 10 |
| രണ്ട് മത്സ്യങ്ങൾ | കഥ | 11 |
| വീണ്ടും കടൽത്തീരത്തേക്ക് | കവിത | 14 |
| **WORLD OF FOOTBALL** | **poem** | 15 |
| ശോകം | കവിത | 16 |
| രാത്രി | കവിത | 17 |
| ദുഃഖങ്ങൾ | കവിത | 18 |
| കണ്ണീർ ഇതളുകൾ | ലേഖനം | 19 |
| **BEYOND THE** | **POEM** | 21 |
| **BUTTERFLY AND HER..** | **POEM** | 22 |
| **NATURE'S SYMPHONY** | **POEM** | 23 |
| അമ്മയെ പിരിഞ്ഞ | കഥ | 24 |
| **GLORY OF NATURE** | **POEM** | 25 |
| പ്രകൃതിയുടെ അത്ഭുതങ്ങൾ | കഥ | 26 |
| എന്റെ കുട്ടിക്കാലം | കവിത | 29 |
| കാട്ടിലെ ആലോചന | ചെറുകഥ | 30 |
| **AFFECTION** | **POEM** | 31 |
| ഭൂമി | കവിത | 32 |
| MY RIGHT | **POEM** | 33 |
| പഴഞ്ചൊല്ലുകൾ | കവിത | 34 |
| മരം,പൂച്ച,പൂമ്പാറ്റ | കവിത | 36 |
| **My Childhood** | **POEM** | 37 |
| ഇടറാത്ത കാൽപാടുകൾ | ലേഖനം | 38 |
| **DEEP FAKES** | ലേഖനം | 41 |
| കഥ | കഥ | 44 |
| കത്ത് | കത്ത് | 45 |
| അമ്മതണൽ | കഥ് | 48 |
| എന്റെ ഡൽഹിയാത്ര | യാത്രവിവരനം | 51 |
| അന്നും ഇന്നും | താരതമ്യക്കുറിപ്പ് | 53 |
| ആരാച്ചാർ | ആസ്വാദനം | 55 |

# □ □□□□□□□ □□□ □□□□□□

**□unlight whisper's through leafy eves,**
**Painting dappled gold on forest floor.**
**A gentle breeze sigh through**
**tall wheat sheaves**
**Rippling waves where shadows soar**
**Crystal stream,a gurgling song,**
**Dancing over moss-kissed stones.**
**Butterfly wings,on rain bows strong,**
**Flutter where the wild wind moons**
**Nature's symphony,soft and grand,**
**In every breath,on every hand.**



**Ameen Muhammed.N**
**8B**



# കുട്ടിക്കാലം

ചേമ്പില ചൂടി
പള്ളിക്കൂടത്തിലേക്കും
സ്ലേറ്റ് ചൂടി
വീട്ടിലേക്കും ഓടിയ
കുട്ടിക്കാലം
ഓർമ്മയാകുന്നു
കാലവർഷം ഇതാ
ന്യൂനമർദ്ദത്തെയും
കാത്തിരിക്കുന്നു



**ലക്ഷ്മിശ്രീ ജി**

2B

# THE LIFE

The more you praise and celebrate
youe life,the more there is
in your life to celebrate.
Either you run the day
the day runs you.
Everything you have wanted
is on the other side of  fear.
Everything has a beauty,
but not everyone can see.
Attribute your success for never
giving or looking any
Excuse.
The expert in anything was
Once a begginner.



KEERTHANA
8 C

## രണ്ടു മത്സ്യങ്ങൾ

അഴകൻ കാട്ടുന്ന ഫലിതങ്ങളിൽ ലയിച്ചു പൂവാലി തന്റെ ശരീരാസ്വസ്ഥതകളെ  മറന്നു മുന്നോട്ട് നീങ്ങി.പൂവാലിയുടെ പുഞ്ചിരിയിൽ അഴകൻ സകല ആദികളിൽ നിന്നും മുക്തനായി.അപ്രതീക്ഷിതമായിരുന്നു! ഒരു നിമിഷത്തെ ശ്രദ്ധാക്കുറവിന്റെ പ്രതിഫലമായി ഒരു ചൂണ്ടക്കൊളുത്ത് അഴകന്റെ നെഞ്ചിലൂടെ ഹൃദയത്തിലേക്ക് സഞ്ചരിച്ചു.നിലവിളിക്കാൻ അഴകന് സാധിച്ചില്ല.ആ നിമിഷവും അഴകന്റെ ചുണ്ടിൽ പുഞ്ചിരി തൂകുന്നുണ്ടായിരുന്നു.അഴകൻ മുകളിലേക്ക് വലിക്കപ്പെട്ടു.

പൂവാലി സ്തംഭിച്ചു.പൂവാലിയുടെ കണ്ണുകൾ അഴകനെ കാണാൻ കൊതിച്ച് പുറത്തേക്ക് കുതിച്ചു.ആരോടും എന്നില്ലാതെ പൂവാലി സ്തംഭിത നിലയിൽ പിറുപിറുത്തു.

“അഴകാ”

അവളുടെ കണ്ണുകൾ പതിയെ പിന്മാറി.ബോധം നഷ്ടമായ പൂവാലി കണ്ണുകൾക്ക് വിശ്രമം നൽകി നിശ്ചലമായി ഒഴുക്കിനെ ആശ്രയിച്ച് യാത്ര തുടർന്നു.അവൾ ഒന്നും അറിയുന്നുമായിരുന്നില്ല.

ശ്വാസത്തിൽ ഉണ്ടായ വ്യത്യാസം മൂലം പൂവാലി കണ്ണുതുറന്നു.കടുത്ത ഏകാന്തത അവളെ അലട്ടി.അഴകന്റെ പ്രതിച്ഛായ അവൾക്കു ദൃശ്യമായി. അവൾക്കു പിന്നെയും ആ വ്യത്യസ്ത അനുഭൂതി അനുഭവപ്പെട്ടു.അവളിൽ ഒരു പുഞ്ചിരി പൂത്തു.അവൾ ഉറക്കെ വിളിച്ചു കൂവി.“അഴകാനമ്മൾശുലാപ്കാവിലെത്തി”അവളുടെ ഹൃദയം വിങ്ങി.ആ പുഞ്ചിരി ഒരു തേങ്ങലിനു വകവെച്ചു.ആ ശുദ്ധജലത്തടാകത്തിൽ അവളുടെ ഉപ്പുകലർന്ന കണ്ണീർ ഒഴുകിപ്പടർന്നു.അവളുടെ ശരീരം പതിയെ തളർന്നു കണ്ണുകൾ അടഞ്ഞു.നേരം ഇരുട്ടിയകാര്യം  അവൾ അറിഞ്ഞിരുന്നില്ല.ഉറക്ക ക്ഷീണവും യാത്ര ക്ഷീണവുംഅവളെ അസ്വസ്ഥയാക്കി.ഉറക്കമുണർന്നപ്പോൾ ഒഴുക്കിന്റെ താളത്തിന് അവൾ വഴങ്ങുകയായിരുന്നു.തന്റെ ശരീരത്തെ ഒഴുക്കിൽ നിന്ന് രക്ഷിക്കാൻപൂവാലി

പ്രയത്നിച്ചു.


എന്നാൽ ഒഴുക്ക് ഒരു മറുപടിയായി ശക്തിയിൽ അവളുടെ മുഖത്തടിച്ചു.അത് ഒരു സന്ദേശമായിരുന്നു.അഴകനും പൂവാലിയും അറിഞ്ഞിട്ടില്ലാത്ത സത്യം.ഒഴുക്കിനെ മറികടന്ന് പൂവാലി കണ്ണുകൾ തുറന്നു.ഒരു ഇടിമിന്നൽ മുഖത്ത്തറച്ചപോലെ പൂവാലി മിഴിച്ചു നിന്നു പോയി.കവ്വായി കായലിൽ നിന്ന് മുട്ടയിടാൻ വന്ന തന്റെ സുഹൃത്തുക്കളും ബന്ധുക്കളും ജീവനറ്റ തിരമാലകളായി നിരന്നു നിൽക്കുന്നു.തന്റെ വംശത്തിന്റെ ഏക പിൻകാമിയായ പൂവാലി ദീർഘശ്വാസം വലിച്ചു.തന്റെയും തന്റെ കുഞ്ഞുങ്ങളുടെയും ഈ വംശത്തോടുള്ള സ്വാദീനം അവൾക്കു മനസ്സിലായി.എന്നാൽ ഇവരുടെ കൂട്ട മരണത്തിന്റെ കാരണം അവൾക്കു മനസ്സിലായില്ല.അവളുടെ നിലതെറ്റുന്നു;പൂവാലി ഞെട്ടി.അവൾക്കു നീന്താൻ സാധിക്കുന്നില്ല.പൂവാലി തിരിഞ്ഞു നോക്കി അവൾക്കു വാലുകൾ നഷ്ടപ്പെട്ടു! അരികിലെ ഡാം തുറന്നുണ്ടായ ഒഴുക്കിലാണ് താൻ സഞ്ചരിച്ചതെന്നു അതിൽ പെട്ടാണ് തന്റ സുഹൃത്തുക്കളുടെ ജീവനും തന്റെ വാലും കുഞ്ഞുങ്ങളും നഷ്ടപ്പെടാനും ഉണ്ടായത്.അവൾ കരഞ്ഞില്ല അവൾക്ക് ദേഷ്യവുമില്ല.അവൾ മരണത്തോട് പുഞ്ചിരിച്ചതേയുള്ളൂ.തന്റെ അഴകന്റെ അടുത്തേക്ക് അവളെ കൊണ്ടാക്കുന്നതിന്.



പ്രണവ് എ.ബി
9C

## വീണ്ടും കടൽത്തീരത്തേക്ക്


ഒരുവട്ടം കൂടിയാ തീരത്തേക്ക്
എത്തുവാൻ വിങ്ങുന്നെൻ മനസ്സിൽ
തിരയുടെ ഓളങ്ങളിൽ നഗ്നപാദങ്ങൾ
നനയ്ക്കുവാൻ മണൽത്തരികളിൽ കുത്തിവരയ്ക്കുവാൻ.......
ഒരുവട്ടം കൂടിയാ തീരത്തേക്ക്
എത്തുവാൻ...
ഏറെ ആശിച്ച ഞാൻ എൻ മനസ്സിൽ...
കാറ്റിൻെറ താളത്തിൽ പട്ടം പറത്തുവാൻ
കാറ്റിൻെറ ഈണത്തിൽ പാട്ടൊന്നു മൂളുവാൻ
തിര തൻ ഉച്ചത്തിൽ പമ്പരം കറക്കുവാൻ
ഒരുവട്ടം കൂടിയാ തീരത്തേക്ക്
എത്തുവാൻ വിങ്ങുന്നെൻ മനസ്സ്....



റൈഹാന
8A

# WORLD OF FOOTBALL

**On a green canvas**
**where ball is in play and**
**the stadium is roaring**
**where strikers chase dreams**
**Defenders become walls**
**where goalkeepers became angels**
**and fans get goosebunps**
**from pitch to heart,**
**the emotion grows**
**This is the world of football**
**The coach gets tensed**
**fans gets excited**
**Referee gets confused**
**Untill the ball passess angel**
**and shake the net**
**the stadium**
**the world .......................**





**Devasish.K J**
**9B**

# രാത്രി

രാത്രിയുടെ ഏകാന്തയിൽ മൂകമായി നിന്നു ഞാൻ...
കൂടണയുന്ന കിളികളുടെ നാദവും...
തണുത്ത കുളിർ കാറ്റ് വീഴുന്ന നാദവും
കാറ്റിൽ നിന്നാടുന്ന മരങ്ങൾ തൻ നൃത്തവും
നദികളുടെ കളകള നാദവും
മാനത്ത് ചന്ദ്രന്റെ നിലാവും
തളിരിടാൻ നിൽക്കുന്ന കുഞ്ഞുമൊട്ടുകൾ
കിളികളുടെ നാദത്തിൽ മയങ്ങുന്ന പൂക്കൾ
നിശ്ചലമാമീ രാത്രീ...
രാത്രി മഴയിൽ നനയുന്ന ചെടികൾ
എത്ര സുന്ദരമീ രാത്രീ
എത്ര സുന്ദരമീ രാവ്...
തളിരിടുന്ന ഇലകളും
പൂവിടുന്ന പൂക്കളും
രാത്രിയിൽ എന്തോ മൂളുന്ന കിളിയും
എന്നും രാത്രിമഴ പെയ്തു നിലാവിൽ...

**അതിഥി എ എസ്**
7B



## ദുഃഖങ്ങൾ



കൂരിരുട്ടിൽ മേഘങ്ങൾ മാത്രം
തീരത്ത് ഞാൻ മാത്രമായി
ചന്ദ്രനും മറഞ്ഞു പതുക്കെ...പതുക്കെ
നിശബ്ദ നിലവിളികളുടെ
ഒരുപിടി  ചാരമുണ്ട്
ആരാധനാലയാത്തിനു പുറത്ത്
മലിനവസ്ത്രധാരിയായി...
കെട്ടുനാറുന്ന ഉപദേശങ്ങൾ
കേൾക്കുവാൻ നിന്നില്ല
പറയുവാൻ നിന്നില്ല
എൻ സ്വപ്നം എന്നിൽ അടങ്ങിയിട്ടും
വരെ ഞാൻ കാത്തിരിക്കും
മുറ്റത്തെ മാവിലെ കൊച്ചു മാങ്ങ
പറക്കുവാൻ ...
എത്ര ഞാൻ വിതുമ്പി...
എന്തിനുവേണ്ടി എന്ന് ആക്രോഷിച്ചു
എൻ അരികിലെത്തി കൈപ്പദങ്ങൾ!
കണ്ണീർ ചോല മാളിക
പണിഞ്ഞു ഞാൻ...
പണിയുവാൻ എത്രയോ
ആളുകൾ വേറെ.....
എന്റെ മുൻപിൽ നിങ്ങൾ
ഇങ്ങനെ കാട്ടുവാൻ എത്ര
ക്രൂരത ഞാൻ ചെയ്യുകയുണ്ടായി ...
കാലം കഴിയും തോറും
ജീവൻ വിതുമ്പുന്നു എൻ മനസ്സിൽ

ബാലാ സുനിൽ
8B

# കണ്ണീർ ഇതളുകൾ

“കണ്ണീർ ഇതളുകൾ”എന്ന എന്റെ ഈ പ്രശസ്തമായ ആത്മകഥകളിൽഒന്നാണ്.ഞാൻ രേണു.ഞാൻ ജീവിച്ചത് ഒരു ഒറ്റപ്പെടലിൽ നിന്നുള്ള മുൾമുനയിൽ നിന്നാണ്.ഈ കഥാരംഭം ഇങ്ങനെ അങ്ങ് തുടങ്ങി.ഞാൻ പത്താംക്ലാസിൽപഠിച്ച ഒരുമിടുക്കിക്കുട്ടിയായിരുന്നു.പഠത്തെയും കലയെയും ഒരേ രീതിയിൽ മുന്നോട്ടുയർത്തി.ഭൂമിശാസ്ത്രം അന്നും മുന്നോട്ടുവന്ന ഒരു വിഷയമായിരുന്നു.അന്ന് ഭൂമിശാസ്ത്രം പഠിപ്പിച്ചത് എന്റെ പിയപ്പെട്ട സീതട്ടീച്ചറായിരുന്നു.പതിവു പോലെ ക്ലാസ്സിൽ വന്നു എന്നിട്ട് എന്റെ നേരെ വിരൽ ചൂണ്ടി "രേണു,പൂക്കൾ എന്ന് കേട്ടിട്ടുണ്ടോഅതെ ടീച്ചർ,എന്നാൽ പൂക്കളെ പറ്റി ഒന്നു വിവരിക്കുമോ"അതെ” ടീച്ചർ ഞാൻ എന്തൊക്കെയോ വിളിച്ചു പറഞ്ഞു.ബാക്കി ഇതായിരുന്നു.പൂക്കളിൽ ഞാൻ ആദ്യം ഉണർത്തുന്ന പൂ അത് ചെമ്പരത്തിയാണ്"കാരണം”?ടീച്ചർ ആകാംഷവതിയെപ്പോലെ ചോദിച്ചു.എന്റെ ജീവിതത്തിൽ നിന്ന് പറിച്ചെടുത്ത ഒന്ന്എന്റെ ജീവിത ചരിത്രം ഒട്ടുമിക്ക കുട്ടികൾക്കും അറിഞ്ഞരുന്നില്ല മാത്രമല്ല ഇതാണ് ഈ വിദ്യാലയത്തിലെ അവസാന വാക്ക് എന്നതുപോലെ ഞാൻ തുടർന്നു.

ചെമ്പരത്തിയെ ഞാൻ എന്റെ ജീവിതത്തിലേക്ക് ക്ഷണിക്കാൻ ഉള്ള പ്രധാന കാരണം,നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ?ചെമ്പരത്തി എന്നത് തികച്ചും അഞ്ച് ഇതളുകൾ ഉള്ള ചെടിയാണ്.അമ്മ,അച്ഛൻ,മുത്തശ്ശി,താനു പിന്നെഞാൻ.ഇവരായിരുന്നഅഞ്ചിതളിനുടമ....അമ്മ,അച്ഛൻ ഞാൻ ആറിൽ പഠിക്കുന്നത് വരെയും ഇവർ ജീവിച്ചിരുപ്പുണ്ടായിരുന്നു.ഇവർ ഒരു യാത്രയിലായിരുന്ന ഇടക്ക് സംഭവിച്ച വാഹനാപകടത്തിൽ അവർ എന്നിൽ നിന്നും പൊലിഞ്ഞുപോയി.അങ്ങനെ ചെമ്പരത്തിയിതളുകളിൽ മൂന്ന് ഇതൾ മാത്രം.മുത്തശ്ശിയായിരുന്നു എന്റെ എല്ലാം. വൈകാതെ രോഗബാധിതയായി മുത്തശ്ശിയും മൺമറഞ്ഞു.അങ്ങനെ

ചെമ്പരത്തി ഇപ്പോൾ രണ്ട് ഇതളുകൾ എന്നപോലെ താനു എന്റെ പ്രിയപ്പെട്ട പട്ടിക്കുട്ടിയായിരുന്നു അമ്മക്കും അച്ഛനും ഢാൻ ഒറ്റ മോളായിരുന്നതിനാൽ ഞാൻ കളിച്ചതും വളർന്നതും താനുവിനൊപ്പമായിരുന്നു.പിന്നെ താനുവിലായിരുന്നു പ്രത്യാശ ആകെ വൈകാതെ താനുവിന് അസുഖംമൂലം താനുവും മറഞ്ഞു.യത്ഥാർതത്തിൽ ഇതുവരെയും എന്നെ വളരാൻ സഹായിച്ചത് എന്റെ രമ ആന്റിയായിരുന്നു
എന്നെ നോക്കിയിരുന്നത് അതോടുകൂടി ജീവിതം തികച്ചും കണ്ണീർ മഴയിലായതുപോലെയായിരുന്നു.എന്റെ ചെമ്പരത്തിയിലെ നാല് ഇതളുകളെ പൊഴിഞ്ഞിരുന്നുള്ളൂ എന്നാൽ""രേണു..."എന്ന ഞാൻ ഇപ്പോഴും ഉണർന്നിരിപ്പാണ്.അങ്ങനെ ആ ഇതളുകൾ കൊഴിയാൻ ഏതാനും മാത്രം...ഇതോടുകൂടി എന്റെ ആ ചരിത്രം തീർന്നു അതായത്
സയൻസ് പഠിക്കാൻ ഉള്ള സമയം തീർന്നു.എല്ലാവരും തന്റെ ജീവതക്കഥകേട്ട് മുഴുകിയിരുന്നു അപ്പോഴും ടീച്ചർ നൽകിയ ആ വാക്ക് ഇതാണ് "ഞാൻ തുടക്കമിട്ടത് ഒരു പൂവ് ആ പൂവിന്റെ പ്രത്യേകതകൾ അഥവാ സയൻസ് ഫീച്ചേഴ്സ് .പക്ഷേ,രേണു തുടക്കമിട്ടത് തന്റെ ജീവിതത്തിൽ ഭയാനുഭൂതിതന്നെ ചില കാഴ്ച്ചപ്പാട്,അനുഭവം"അപ്പോൾകുട്ടികളെല്ലാം ഉയർത്തിപ്പിടിച്ച തന്റെ കയ്യിൽ ആഞ്ഞടിച്ചു."അത് എന്തിനുള്ളത് എന്ന എന്റെ ചോദ്യത്തിൽ അവർ മറുപടി തന്നത്"..ജീവിതമാണല്ലോ ഒരു സയൻസ് ഒരു ഭൂമിശാസ്ത്രം താറെ ജീവിതത്തെ ഒരു ചെമ്പരത്തിപ്പൂവിന്റെ ദുഃഖാനുഭൂതി വളരുന്ന ആ കണ്ണീർ ഇതളായിരുന്ന അവ.ഇതിൽ നിന്നും ഞാൻ പഠിച്ച് ഒരു അധ്യാപികയായി ഭൂമിശാസ്ത്രത്തിൽ മാത്രമല്ല എന്റെ കഴിവുകളും ഞാൻ മുന്നോട്ടുയർത്തി ഒരു കഥാകാരിയായി ആയി മാറി...കണ്ണീരിൽ മുങ്ങിയ
ജീവിതത്തിൽ ഇതളുകൾ എന്റെ ജീവിതപാഠമാണ്

"സങ്കടങ്ങൾ അത് യേറെ
മനുഷ്യൻ തരണം ചെയ്യും,അതിലേറെ..
ഇന്നാണെങ്കിലും നാളെയാണെങ്കിലും
സങ്കടമാണ് ഒരു വലിയ ഇതൾത്തുമ്പ്
കണ്ണീരാണെങ്കിൽ ജീവിത തുടക്കം"



ആസിയ ബീവി
9B

# Beyond The Darkness

*In the darkness...*
*You were there for me*
*looking brightly and proudly at top*
*But to me you looked like you were*
*next to me smiling at me*
*It made me the courage to move on*
*From there to the men path*
*You showed me the right path*
*You followed me till*
*I reached my destination*
*But you still waited for me*
*In the darkness so i.......*



*-ASWATHY CHANDRAN*
*10B*

# A Butterfly And Her Friends

**Once upon a time there lived a butterfly named Angel.She was a beautiful girl. She only drink honey from beautiful flowers and only playing with beautiful flies and she rejected the flies who had no beauty. One day Angel and her friends were going to drink honey. When she drank it, a wind blew and flew her away. She tangled in the rose plant  so she lost her two beautiful wings. She become very sad .Her friends rejected her and therefore she lost her pride**





ANAKHA V.S
8A

# അമ്മയാനയെ പിരിഞ്ഞ കൊമ്പനാന

പണ്ട്....പണ്ട്....ഒരു കാട്ടിൽ ഒരു അമ്മയാനയും ഒരു കുട്ടിയാനയും ഉണ്ടായിരുന്നു. ഒരു ദിവസം അവർ നടന്ന് പോവുകയായിരുന്നു. അപ്പോൾ ദൂരെ നിന്ന് ഒരു വെടിയൊച്ച ശബ്ദം കാട്ടിലുള്ള മൃഗങ്ങൾ എല്ലാവരും ഭയത്തോടെ ഓടുന്നു ആക്കൂട്ടത്തിൽ അവർ രണ്ട് പേരും ഓടാൻ തുടങ്ങി ഓടുന്നതിനിടയിൽ അമ്മയാന കുഴിയിൽ വീണു. അത് ശ്രദ്ധിക്കാതെ കുട്ടിയാന ഓടി കുഴിയിൽ വീണ അമ്മയാനയെ വേട്ടക്കാർ വെടിവെച്ച് കൊന്നു. കുറേ മാസങ്ങൾക്ക് ശേഷം കുട്ടിയാന വലിയ ഒരു കൊമ്പനാനയായി. അങ്ങനെ ഒരിക്കൽ വീണ്ടു ആ വേട്ടക്കാർ വന്നു. മൃഗങ്ങൾ വീണ്ടും ഭയന്നോടി, അപ്പോൾ വേട്ടക്കാർ കൊമ്പന്റെ നേരെ തോക്ക് ചൂണ്ടി വന്നു. ആ സമയം കൊമ്പൻ അവരെ തുമ്പിക്കൈ കൊണ്ട് ആഞ്ഞടിച്ചപ്പോൾ വേട്ടക്കാർ തെറിച്ചു വീണു. അത് പേടിച്ച് അവർ അവരുടെ വാഹനങ്ങളിൽ കയറി രക്ഷപ്പെട്ടു. അതിന് ശേഷം ഒരു വേട്ടക്കാരനും ആ കാട്ടിൽ വന്നിട്ടില്ല.



**അബിശിവകുമാർ**
**6A**

# Glory of Nature

*Oh nature oh nature*
*yourthe care and insprationfor me.*

*Oh nature on nature*
*you heal my mind and health.*

*Whenever i feel you ...*
*you have filled my mind with optimum.*


*Oh nature oh nature*
*your rays are lying on me*



SHANAVAS

# പ്രകൃതിയുടെ അത്ഭുതങ്ങൾ

പ്രകൃതി ഒരു കൂട്ടുകാരിയാണ്. നമ്മുടെ ഓരോ ജീവിതത്തിൽ ചിലപ്പോൾ നമുക്ക് വേണ്ടി കരയുന്ന അല്ലെങ്കിൽ ചിരിക്കുന്ന ഒരു കൂട്ടുകാരി.പ്രകൃതി എന്ന കൂട്ടുകാരി നമ്മുടെ ചുറ്റും എപ്പോഴുമുണ്ട്.കാറ്റ്, മഴ, വെയിൽ, തുടങ്ങി പ്രതിഭാസങ്ങളിലൂടെ നമ്മെ കൗതുകപ്പെടുത്തുന്നു. പ്രകൃതിയിലെ ഓരോ ചെറു വസ്തുക്കളും നമുക്ക് കൗതുകമാർന്നതാണ് .ഈ സുന്ദരമായ പ്രപഞ്ചത്തിൽ കണ്ണുകൾ കൊണ്ട് വിശ്വസിക്കാൻ സാധിക്കാത്ത പല കാര്യങ്ങളും നടക്കാറുണ്ട്. അങ്ങനെയുള്ള ഒരു കഥയാണ് ഇത്.




ലില്ലിപ്പൂവ് കുസൃതികാരി റോസിയുടെ തോട്ടത്തിലെ പൂവാണ്. റോസിയ്ക്ക് ലില്ലിപ്പൂവിനെ വളരെ ഇഷ്ടമാണ്. തൂവെള്ള നിറത്തിൽ ആരെയും ആകർഷിക്കുന്ന ആ ലില്ലിപ്പൂവ് നിലാവില് തിളങ്ങും. അതിന്റെ രഹസ്യം കണ്ടെത്തുവാൻ റോസിയ്ക്ക് ആഗ്രഹമാണ്. റോസി എന്നും ലില്ലിപ്പൂവിനോട് കഥകൾ പറയും. ഇതൊക്കെ കേൾക്കാൻ അവിടെ ഒരു മാലാഖയുണ്ട്. ഈ ലില്ലിപ്പൂവിന്റെ അടിയിലാണ് താമസിക്കുന്നത്. ആ മാലാഖയ്ക്ക് പളുങ്കുചിറകുകളും ഇന്ദ്രനീലക്കണ്ണുകളും കൈയിൽ മാന്ത്രികവടിയും ഉണ്ടാകും.ആ കുഞ്ഞുമാലാഖയ്ക്ക് റോസിയെ വളരെ ഇഷ്ടമാണ്. അവൾ കാണാതെ അവളെ അത്ഭുതപ്പെടുത്തുന്ന കാര്യങ്ങൾ കാട്ടാറുണ്ട്. അതുകൊണ്ട് സന്തോഷിക്കുന്ന ഒരു പുഞ്ചിരി മതി മാലാഖയുടെ ഹൃദയം നിറയ്ക്കാൻ!.ഒരു ദിവസം റോസി ലില്ലിപ്പൂവിന്റെ അടുത്തെയ്ക്ക് വന്നു .അവളെ കാത്ത് ഇരിക്കുന്ന മാലാഖയെ കണ്ടു. അവൾക്ക് കൗതുകവും

അതോടൊപ്പം ഭയവും തോന്നി . അവൾ അവിടെ നിന്ന് പോകാൻ ശ്രമിച്ചെങ്കിലും മാലാഖ അവളെ കണ്ടു. എന്നിട്ട് പറഞ്ഞു "അല്ലേയോ എന്റെ റോസി എത്രയായി ഒന്ന് കണ്ടിട്ട്. നിന്റെ വിശേഷങ്ങൾ പറയൂ"അവൾ ലില്ലിയുടെ അടുത്ത് ഇരുന്നു. അവളുടെ മുഖത്തെ ഭാവങ്ങൾ മിന്നിമായുന്നത് കണ്ട മാലാഖ ഒരു പാട്ടുപാടി. ആ ഗാനം അവിടെത്തെ അന്തരീഷത്തെ മാറ്റിമാറിച്ചു. ഇനി ചന്ദ്രൻ ഉദിക്കാൻ
ഏതാനും നിമിഷങ്ങൾ മാത്രം... പൂർണചന്ദ്രനായിരുന്നു. നിലാവ് പാൽ പോലെ ഒഴുകി എത്തി. നിലാവ് ഇതളിൽ തട്ടിയപ്പോൾ തിളങ്ങാൻ തുടങ്ങി.

അന്നത്തെ അനുഭവം റോസിയ്ക്ക് മറക്കാൻ സാധിക്കാത്ത ഒന്നായിരുന്നു. ഇപ്പോൾ എന്നും അവൾ മാലാഖയെ കാണാൻ ചെല്ലുമായിരുന്നു. അങ്ങനെ വസന്തം കടന്നു പോയി. മാലാഖയെ ഇപ്പോൾ കാണാനുമില്ല. ലില്ലിപ്പൂവ് പൂക്കാറില്ല .മാലാഖയുടെ തിരിച്ചു വരവിന് റോസി കാത്തിരുന്നു.വർഷങ്ങൾ കടന്നു പോയി.

ഒരു ദിവസം രാത്രി പുറത്തെ പൂർണ്ണചന്ദ്രനെ റോസി നോക്കി ഇരിക്കേ, ഒരു ഗാനം അവളെ തഴുകി. തന്റെ ലില്ലിപ്പൂവിന്റെ അടുത്തേക്ക് ഓടി ചെന്നു.തന്റെ മാലാഖ നക്ഷത്രങ്ങൾ പതിപ്പിച്ച വസ്ത്രം ധരിച്ച് ,ഭംഗിയാർന്ന അവളുടെ മുടിയിഴകൾ പാറിപ്പറന്നു.തന്റെ കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. അപ്പോഴാണ് മാലാഖ റോസിയെ കാണുന്നത്."എന്റെ കുറുമ്പി റോസി ! നിനക്ക് ഒരു മാറ്റവുമില്ല "സ്നേഹമാർന്ന ഒരു പുഞ്ചിരി അവൾ അതിന് നൽകി. മാലാഖ തന്റെ കഥ മുഴുവൻ റോസിയ്ക്ക് പറഞ്ഞുകൊടുത്തു. അവിടെ വച്ച് ഒരു പുതിയ ആരംഭം തുടങ്ങി. രാവുകളിൽ മധുരഗാനങ്ങൾ കൊണ്ട് സമ്പന്നമായി. പിന്നീട് മാലാഖമാരുടെ പറുദീസയായി.



അലീന ബി ക്ലീറ്റസ്
8B

## എന്റെ കുട്ടിക്കാലം

എത്ര മനോഹരമായിരുന്നു എന്റെ
കുട്ടിക്കാലം
ഓടിയും ചാടിയും മഴയത്തു
തുള്ളി കളിച്ചും ഓർമ്മകൾ
നൽകിയിരുന്ന കാലം.

വികൃതികൾ ഒരുപാട് കാണിച്ചിരുന്ന
കാലം.
ദേഷ്യവും സ്നേഹവും ഒരുപോലെ
കാണിച്ചിരുന്ന കാലം.

അമ്മ ആകാശത്ത് നക്ഷത്രങ്ങളെയും
ചന്ദ്രനെയും കാണിച്ച് ചോറ് തന്നിരുന്ന
കാലം.

മനസ്സിൽ നിന്ന് മായാത്ത ഓർമ്മകൾ
നിറഞ്ഞു നിന്നിരുന്ന
മനോഹരമായ എന്റെ കുട്ടിക്കാലം.



സന നസ്റിൻ.എൻ
8B

# കാട്ടിലെ ആലോചന

ഒരു ദിവസം ഒരു കാട്ടിൽ ആലോചന നടന്നു,അപ്പോൾ മുയൽ പറഞ്ഞു നമുക്ക ഒരു അടിയുണ്ടാക്കാം അടിയിൽ വിജയിക്കുന്ന ആൾക്കാണ് ശക്തിയുള്ളത്.അത് നല്ല കാര്യമാണ് നമുക്ക് നാളെ നടത്താം.സിംഹം പറഞ്ഞു. എല്ലാവരും കാത്തിരുന്നു.ആ തുടങ്ങാം....ആദ്യം ആമയും താറാവുമായിരുന്നു.താറാവ് ആമയെയുടെ പുറത്ത് കൊത്തി. ആമയുടെ പുറം കട്ടിയായിരുന്നു.താറാവിന് വേദനയെടുത്തു. പിന്നെ പാമ്പും മീനുമായിരുന്നു.പാമ്പ് മീനിനെ കൊത്തി. മീനിന് വേദനയെടുത്തു.പിന്നെ മുയലും സിംഹവുമാണ്. സിംഹം മുയലിനെ കടിച്ചു.അങ്ങനെ സിംഹം വിജയിച്ചു.





ശിവാനന്ദ് ബി എസ്
2B

# AFFECTION

**Oh weather….**

**Your warm hot breath caresing me….**

**Now,I’m in a wonderland…,,**

**when you were beside me I’m in heaven…**

**I’m obsessed with you….**

**Because of your great approach to me….**

**But…**

**Now were are you…**

**I can’t feel your soft touch,**

**Your flirting movements,everything….**

**I’ll never make you feel bad…**



**I’m missing something ,which is my favorit**
**yours…**

**So don’t make me disappointed….**

**And….**

**I know how to make you mine….**

**I can do anything for you…**

**Come back to me…**

**By the one that you always belongs very affectionaly….**

**Sarayu.s.sajan**
**8B**

## പൂക്കൾ

പൂക്കൾ നല്ല പൂക്കൾ
സുന്ദരിയായി ഇരിപ്പുണ്ട്
പലപല നിറങ്ങളിൽ
പലപല മണങ്ങളിൽ
സുന്ദരിയായി നിൽപ്പുണ്ട്

## ഭൂമി

എന്തു നല്ല ഭൂമി
ജീവൻ തന്ന ഭൂമി
പച്ച നിറത്തിൽ നീലനിറത്തിൽ
കാണും നമ്മുടെ ഭൂമി

## മരങ്ങൾ

മരം നല്ല മരം
ശ്വാസം തന്ന മരം
പച്ച ഇലകൾ
തടിയുമായി വരുന്നുണ്ട്
നമ്മുടെ മരങ്ങളാണ്

## മാല

മാല നല്ല മാല
മഞ്ഞ നിറത്തിൽ ഉണ്ട്
കാണാൻ നല്ല
സുന്ദരനാ.



ശിവാനന്ദ് ബി എസ്
2B

# MY RIGHT

I have right to do everything_
I have right to share everything
I have right to fly
I have right to live independently

But they do not allowing me
I don't know where my right were gone
Who took it away from me

Now i am like a bird
That trapped in the Cage
My rights were broken
i can't fly back to my dreams .



**LEHAN MARIYAM N.A**
**8B**

## ഭക്ഷണസംസ്കാരവുമായിബന്ധപ്പെട്ട പഴഞ്ചൊല്ലുകൾ

അന്നവിചാരം മുന്നവിചാരം
പിന്നെ വിചാരം കാര്യവിചാരം
അത്താഴം കഴിഞ്ഞാൽ അരക്കാവ് നടക്കണം
ഉരുള എണ്ണി ഉണ്ണരുത്
കാലുനനച്ചുണ്ണണം കാൽതുടച്ചുറങ്ങണം
ചക്ക അധികം തിന്നാൽ ചുക്ക് തിന്നേണ്ടി വരും
നട്ടു തിന്നാൽ നൂറു വയസ്സ്
അത്താഴ പട്ടിണി കിടക്കരുത
വീട്ടിലുണ്ടെങ്കിൽ വിരുന്നു ചോറുണ്ണാം
മെല്ലെ തിന്നാൽ മുള്ളും തിന്നാം
പഴകെപഴകെ പാലും പുള്ളിക്കും
കാണം വിറ്റും ഓണം ഉണ്ണണം
ഉത്സാഹമുണ്ടെങ്കിൽ അത്താഴമുണ്ണാം
ഉപ്പുതിന്നവൻ വെ്ള്ളം കുടിക്കും
അപ്പം തിന്നാൽ മതി കുഴി എണ്ണണ്ട
അന്നബലം പ്രാണബലം
അത്താഴം അത്തിപഴത്തോളം
എള്ളോളം തിന്നാൽ എള്ളോളം നിറയും
അത്താഴം മുടങ്ങാൻ നിർക്കോലി മത
വിളയും പയർ മുളയിലെ അറിയാം
അമ്മ വെയ്ക്കും ,ഉണ്ണി ഉണ്ണും
ഉഴുതുണ്ണുന്നവനെ തൊഴുതുണ്ണണം
വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും



ഗൗരി സി പി

9C

# മലർ

ഒരു രാത്രി പൂത്ത മലരാണു നീ
പൊൻ പുലരിയെ
കൊതിപ്പിച്ച മലരാണു നീ
ഉണർവിൻ വെളിച്ചം പകർന്ന പൂവേ
എന്റെ കൂടെ കളിയാടാൻ വരുമോ നീ
ഇന്നു നീ ഇങ്ങനെ നിന്നാലും
നാളെ നീ എന്താകുമെന്നറിയില്ലല്ലോ
ആയിരം പൂക്കൾ വരിയുമ്പോൾ
വസന്തമെന്നൊരു സന്തോഷം
മന്ദം മന്ദം വിരിഞ്ഞ പൂവേ
നീ ഇനിയുമിനിയും പൂക്കട്ടെ



അതിഥി പി.എസ്
5 B



## മരം

പഴങ്ങൾ തരും മരം
ഇലകൾ തരും മരം
കിളികൾ കൂട് കൂട്ടും മരത്തിൽ

## പൂച്ച

പൂച്ച നല്ല പൂച്ച
മീൻ തിന്നുന്ന പൂച്ച
പാൽ കുടിക്കും പൂച്ച
പല നിറത്തിൽ പൂച്ച

## പൂമ്പാറ്റ

പൂമ്പാറ്റ നല്ല പൂമ്പാറ്റ
പല നിറത്തിൽ പൂമ്പാറ്റ
തേൻ കുടിക്കാൻ വരും
നല്ല പൂമ്പാറ്റ



**സജിൻ എസ്.എൽ**

2B

# My Childhood

**Oh! How beautiful was in my childhood
It give me a lot of the memmories.......**

**That was the age
I have done my naughtiness.**

**In which I had express
My woo and my angriness**

**The time, my mom
showed stars and the moon.**

**It unforgetable.......**

**This memmories are filled in
my heart forever and never.**

**That’s my childhood.**



# ഇടറാത്ത കാൽപ്പാടുകൾ

എനിക്ക് വെറും പതിമൂന്ന് വയസ്സ് .പതിമൂന്ന് വർഷങ്ങളായി ഞാനീ ഭൂമിയിൽ കാലുകുത്തിയത് .ഇത്രയും അറിവും അനുഭവങ്ങളും മാത്രമേ എനിക്കുള്ളൂ.എനിക്കുണ്ടായ ഒരനുഭവം ഞാൻ പറയാൻ ആഗ്രഹിക്കുന്നു . 2019 മാർച്ചോക്കെയായപ്പോൾ ഒരുമഹാമാരി ഈ ലോകത്തെ വേട്ടയാടി .അതിന്റെ പേരാണ് covid-19 അഥവാ കൊറോണ .ഒരുപാട് മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിവുള്ള ഒരു മഹാ രോഗമായിരുന്നു അത് .മാസ്ക് ,സാനിറ്റൈർ,സാമൂഹിക അകലം ,സാമൂഹിക അടുക്കള അങ്ങനെ പലതരം പുതുമകളും ഈ ലോകത്ത് കൊണ്ടുവരാൻ ആ വൈറസിന് സാധിച്ചു .ഞാൻ അഞ്ചാം ക്ലാസ്സിലെ പരീക്ഷ എഴുതിക്കൊണ്ടിരുന്ന സമയത്താണ് അത് കൊണ്ടുവന്നത് .പിന്നെ പരീക്ഷ മാറ്റിവച്ചു .പിന്നയൊക്കെ നടന്നത് ഒു മായാജാലം പോലെ ഓർത്തു ഞാനിപ്പോഴും ഓർക്കുന്നു.പിന്നെയും വന്നു അരുപാട് മാറ്റങ്ങൾ .ഒരു ഡിജിറ്റൽ പഠനം നാടൊട്ടാകെ പരന്നു .പിന്നെ ഓൺലൈൻ ക്ലാസുകൾ പിന്നെ വിദ്യാർത്ഥികൾക്ക് ഫോൺ ,ലാപ്ടോപ് ,അങ്ങനെ ഒരുപാട് പഠനസഹായികൾ മൊട്ടിട്ടു.പിന്നെ ആ വയറസ് എങ്ങും വ്യാപിച്ചു.ഒരുപാട് ജനങ്ങൾക്ക് ഇത് പടർന്ന് പിടിച്ചു ,പിന്നെ ലോക്ക്ഡൗൺ ,കൺടെയ് ന്റ്മെന്റ് സോൺ ,ഐസൊലേഷൻ വാർഡ് അങ്ങനെയൊക്കെ പല ശുശ്രൂഷകളും രോഗികൾക്കായി സർക്കാർ നടപ്പിലാക്കി .വിധിയുടെ വിളയാട്ടം പോലെ ആ മഹാമാരി ഭൂഗോളത്തിൽ വർഷിച്ചു .എനിക്കും ആ രോഗം പടരുകയുണ്ടായി ,ഞാൻ കുറേ അനുഭവിച്ചു .

എന്റെ വീട്ടിലും ഞാൻ താമസിക്കുന്ന കൊച്ചു നഗരം പാലോടിലും അതൊക്കെ വ്യാപിച്ചു കഴിഞ്ഞു.കരിമൺകോട് L.P.S-ലും സ്ഥലം ക്രിസ്ത്യൻ പള്ളിയിലും RIPCR TEST നടത്തിയിരുന്നു .അതും രണ്ട് പ്രാവശ്യം.പിന്നെ ഏതാണ്ട് ഒക്കെയും അടച്ചുപൂട്ടി .സാധനങ്ങളൊന്നും വാങ്ങാൻ കഴിയുന്നില്ല .സ്ഥാപനങ്ങളും ഒക്കെ അടച്ചിരുന്നു കഴിക്കാനായി

കമ്യൂണിറ്റി കിച്ചണിൽ നിന്ന് P.H.S.C ആശാവർക്കർമാരെല്ലാം എത്തിച്ചിരുന്നു .കഴിച്ചെങ്കിലും നാവിന് ഒരു നാവിന് ഒരു രുചിയും ഇല്ലായിരുന്നു.എന്റെ വീട്ടുകാർക്കും നാട്ടുകാർക്കും ഒക്കെ അതിന്റെ ക്ഷീണത്തിലായിരുന്നു.2018–ലെ പ്രളയം കൊണ്ട് തന്നെ കേരളമാകെ തകർന്നിരുന്നു .വീണ്ടും 2019–ൽ ഒരു മഹാരോഗം .നീണ്ട മൂന്നു വർഷമായിട്ട് ആ രോഗം പൂർണമായും ലോകത്തെ വിഴുങ്ങിയിരുന്നു പിന്നെയും അതിന്റെ അവശേഷങ്ങളായി അതിന്റെ ഓർമകളാകെ ഇവിടെ തിങ്ങിയിരുന്നു .ഒരു കാലത്തും ആ അനുഭവം ഞാൻ മറന്നില്ല .ഇപ്പോൾ ഞാൻ 9–ാം ക്ലാസ്സിൽ പഠിക്കുന്നു ഇപ്പോഴും ആ അനുഭവം ഈ നിമിഷത്തിലും ഞാൻ ഓർമിക്കുന്നു .അതും മനുഷ്യരുടെ മനസ്സിൽ എന്നും മായാത്ത ഒരു നിഴലായി തങ്ങിയിരിക്കുന്നു .എന്റെയും ലോകമൊട്ടാകെയുള്ള ജനങ്ങളുടെയും ഇടറാത്ത കാൽപ്പാടുകൾ ഞാൻ വീക്ഷിക്കുന്നു.



ഹന്ന സെഹറിൻ ഷാ

**9C**

[illegible]



[illegible]

# DEEP FAKES

നിർമിതബുദ്ധിയിൽ (Artificial Intelligence)സൃഷ്ടിക്കുന്ന വ്യാജ ചിത്രങ്ങളും വീഡിയോകളും ഓഡിയോകളുമാണ് ഡീപ് ഫൈക്ക് (Deepfakes).നിർമിതബുദ്ധിയുടെ ഭാഗമായ ഡീപ് ലേണിങ് (Deep Learning) ഡിജിറ്റൽ സാങ്കേതിക വിദ്യയാണ് ഇതിനായി ഉപയോഗിക്കുന്നത്.പേരുപോലെത്തന്നെ വ്യാജസൃഷ്ടികളാണവ. . നടക്കാത്ത സംഭവങ്ങൾ ,ഒരിക്കലും ആരും ചെയ്തിട്ടില്ലാത്ത കാര്യങ്ങൾ തുടങ്ങിയവ നടന്നു എന്ന് വിശ്വസിപ്പിക്കുന്ന രീതിയിൽ അവതരിപ്പിക്കുവാൻ ഇതിനും കഴിയും മുഖ്യധാരയിലേക്കു വന്നതോടെ ഡീപ്പ്ഫെസുകൾ വ്യാപകമായി .പ്രശസ്തരുടെ ഡീപ്പ്ഫെസുകൾ വൈറലായതോടെ ഇതിന്റെ അപകടങ്ങൾ സമൂഹത്തിൽ ചർച്ചയായത് .പ്രശസ്തർ മാത്രമല്ല ,സാധാരണക്കാരും ഇതിനിരയാകാം .ആരുടെയും മുഖം ഡീപ് ഫൈക് സാങ്കേതികവിദ്യ ഉപയോഗിച്ച് ഇന്റർനെറ്റിൽ സുലഭമായ വീഡിയോകളിൽ ചേർത്തുവച്ച് സമൂഹമാധ്യമങ്ങളിൽ പ്രചരിപ്പിക്കാവുന്ന അവസ്ഥ !

വോയിസ് ക്ലീനിങ്ങും ഫോട്ടോ മോർഫിങ്ങുമൊക്കെ ഡീപ്പ്ഫെസ് വീഡിയോകൾക്കായി ഉപയോഗിക്കാറുണ്ട് .ചില ഉപകരണങ്ങളുമുണ്ടെങ്കിലും പൊതുവേ ഇന്ന് ഇവ തട്ടിപ്പുകൾക്കുള്ള ഉപാധിയായി മാറിക്കഴിഞ്ഞു .ഡീപ് ഫൈസുകളുടെ അപകടം ബോധ്യമായതോടെ ഇന്ത്യ ഉൾപ്പടെ വിവിധ രാജ്യങ്ങളിലെ സർക്കാരുകൾ അവയ്ക്കെതിരെ നിയമങ്ങൾ കൊണ്ടുവരാനുള്ള നീക്കത്തിലാണ് . പലപ്പോഴും ഒരാളുടെ സമ്മതമില്ലാതെയാണ് അയാളുടെ ഡീപ് ഫൈക് നിർമിക്കുക.ഇതുമൂലം അയാളുടെ സ്വകാര്യത നഷ്ടമാകാം .ഒപ്പം ,സമൂഹത്തിൽ അയാൾക്കുള്ള അംഗീകാരം ഇല്ലാതാകാം.വ്യക്തിജീവിതവുംകുടുംബബന്ധങ്ങളും തകർക്കുന്നതിനൊപ്പം സമൂഹത്തിൽ അക്രമവും അരാജകത്വവും സൃഷ്ടിക്കാനും രാജ്യങ്ങൾ

തമ്മിലുള്ള ബന്ധനങ്ങളിൽ വിള്ളൽ വീഴ്ത്താനും വരെ അതുപയോഗിക്കാം . വ്യാജവാർത്തകൾ നിർമിക്കാനുള്ള ഒന്നാന്തരം ഉപാധി കൂടിയാണ് ഡീപ് ഫൈക് വീഡിയോകൾ .വിദ്വേഷപ്രചരണം വഴി സമൂഹത്തിൽ കലാപം സൃഷ്ടിക്കാൻ വരെ അതു കാരണമാകാം



മുഹമ്മദ് അർഷാദ്

9B

# WHY...!!?

I dont know why I'm craving for your love.....

Now I can't control myself from
admiring you......

It's very hard,being without you.....
The reason why my heart beats is because of you.....

You....you the only one who throwed me in this hell....
Now I'm like a living soul.....

Why..!!? why you did this to me....
I'm I that much bad...

You don't know how much I
loved you...
No...! Loving you....

Pleasee...Don't leave me in this hell...Ok...
I'm done...

Done with everything that you did to me.....

One day... You realize
How badly you behaved to me.....

At that time you will realize
that.....
I'm the only one who loved you
sincerely....
But why...
You did this to me....



Sarayu.S.Sajan
8B

# കഥ

ഒരു ദിവസം ഒരു മൈന പറന്നു പോകുകയായിരുന്നു.

ആ മൈനയുടെ പേര് അമ്മു എന്നായിരുന്നു.അമ്മു മൈന

പറന്നുപോകുന്നതിനിടയിൽ വേറെ ഒരു മൈന വന്നു.ചിന്നു

എന്നാണ് എന്റെ പേര് .നീ എവിടെ നിന്നും വരുന്നു .

ഞാൻ വരുന്നത് അടുത്തുള്ള കാട്ടിൽ നിന്നാണ്.

നീ എവിടെ നിന്നും വരുന്നു. ഞാൻ ഈ കാട്ടിൽ

ഉള്ളതാണ് .നീ ഈ കാട്ടിൽ എന്നെയും കൂടി

താമസിപ്പിക്കാമോ ?

അതിനെന്താ  താമസിച്ചോളൂ.

നിന്റെ അമ്മയും അച്ചനും എവിടെ?എന്റെഅമ്മയുംഅച്ചനും

കണാതായി. അതുകൊണ്ടാണ് .അമ്മ

മരിച്ചു പോയി .അപ്പോൾ അച്ഛനോ?,ഞാനും അച്ഛനും

പറന്നു പോകുന്നതിനിടയിൽ വെച്ച് കാണാതായി.

രാവിലെയായി. ഞാൻ പോകുന്നു റ്റാറ്റാ ......



അളകനന്ദ  ആർ സി
4B

# കത്ത്




<u>പ്രിയപ്പെട്ട ബേപ്പൂർ സുൽത്താന്,</u>

ഞാൻ കിരൺ എസ്.കെ.ജവഹർ കോളനി സ്ക്കൂളിലെ ഒൻപതാം ക്ലാസ് വിദ്യാർത്ഥിയാണ്.അങ്ങേയ്ക്ക് സുഖം തന്നെയാണോ? അങ്ങയുടെ കൃതികളുടെ ഒരു ആരാധകനാണ് ഞാൻ.വെറും ഒരു കുട്ടി ആരാധകൻ.അങ്ങയുടെ ഒരുപാട് പുസ്തകങ്ങൾ ഞാൻ വായിച്ചിട്ടുണ്ട്.അങ്ങയുടെ ഓരോ പുസ്തകവും വളരെ ശ്രദ്ധയോടെയാണ് വായിക്കാറ് കാരണമുണ്ട്,അങ്ങയുടെ മാന്ത്രിക പേനയിൽ നിന്ന് വരുന്ന ഓരോ അക്ഷരങ്ങളും വളരെ ചിന്തിപ്പിക്കുകയും,വീണ്ടും വീണ്ടും വായിക്കാനുള്ള ത്വര വായനക്കാർക്ക് നൽകുകയും ചെയ്യുന്ന ഒരുതരം ജാല വിദ്യയാണ്.ഈയിടെ ഞാൻ അങ്ങയുടെ'ഓർമ്മക്കുറിപ്പ്' എന്ന പുസ്തകം വായിച്ചു.വായിച്ചു കഴിഞ്ഞപ്പോൾ വിവരണാതീതമായ ഒരുതരം ഉണർവ് എന്റെ നാഡി ഞരമ്പുകളിൽ പ്രവേശിച്ചു.അതുവരെ എന്റെ അമ്മയോട് ,ചോറ്, എന്ന് മാത്രം സംസാരിക്കാറാണ് പതിവ്.പക്ഷെ ഇത് വായിച്ചു കഴിഞ്ഞപ്പോൾ എന്തെന്നില്ലാത്ത ഒരു സ്നേഹം തോന്നി.അതുപോലെ തന്നെയാണ് ഭാരതഭൂമിയും.അങ്ങ് ഇന്ത്യയുടെ സ്വാതന്ത്രിയത്തിനു വേണ്ടി അടിയും ഇടിയുമെല്ലാം കൊണ്ടെന്നറിഞ്ഞപ്പോൾ എനിക്കും ഭാരതഭൂമിക്കുവേണ്ടി വല്ലതും ചെയ്യണമെന്നുണ്ട്.ഇന്ന് ഇന്ത്യ സ്വതന്ത്രമാണ്.അന്ന് ബ്രിട്ടീഷുകാരിൽ നിന്ന് ഇന്ത്യയെ സ്വതന്ത്രമാക്കിയ ധീര സ്വാതന്ത്ര്യ സമരസേനാനികളിൽ അങ്ങുണ്ടെന്ന് അറിഞ്ഞപ്പോൾ കേരളീയൻ എന്ന നിലയിൽ ഞാൻ അഭിമാനം കൊള്ളുന്നു.അമ്മ എന്ന രണ്ടക്ഷരം വെറും വാക്കുകളിൽ ഒതുങ്ങുന്ന ഒന്നല്ലെന്നു അങ്ങയുടെ ഈ കൃതി വായിച്ചപ്പോൾ മനസ്സിലായി.അന്ന് അങ്ങയ്ക്കുവേണ്ടി ഊണും ഉറക്കവും മാറ്റിവച്ച് സ്വന്തം മകൻ വരുമെന്ന പ്രതീക്ഷയുമായി കാത്തിരുന്ന ആ അമ്മയെ പോലെ ഈ ലോകത്ത് വേറെയും പല അമ്മമാരും

കാണും.അവരെല്ലാമാണ് ഈ ഭാരത ഭൂമിയെ ഐശ്വര്യവും സമാധാനവുമുള്ളതാക്കി മാറ്റുന്നത്.എന്നാൽ ഇന്ന് അച്ഛനെയും അമ്മയെയും വൃദ്ധാസദനങ്ങളിലാണ് കൊണ്ടിടുന്നത്.ഇതിനൊക്കെ ചാട്ടവാറായിട്ടാണ് അങ്ങയുടെ കൃതിയെ ഞാൻ മനസ്സിലാക്കിയിരിക്കുന്നത്.ഈ കൃതി പൊതു തലമുറ ചർച്ച ചെയ്യേണ്ട ഒരു വിഷയം തന്നെയാണ്.കൂടുതൽ പറയണമെന്നുണ്ട്.പക്ഷേ വലിച്ചുവാരി എഴുതുന്നില്ല,ബാക്കി അടുത്ത കത്തിൽ പറയാം.

മറുപടി

പ്രതീക്ഷിക്കുന്നു.



**കിരൺ എസ് കെ**

# എന്റെ വർണ്ണനങ്ങൾ
# ഇരുട്ട്,മരങ്ങൾ,പുഷ്പങ്ങൾ

## ഇരുട്ട്

ഇരുട്ട് പകരുന്ന രാത്രിയിൽ വെളിച്ചം നൽകാൻ നിലാവ്.ആദ്യം ഇരുട്ട് പരത്തുന്ന ഭൂമിയിൽ വെളിച്ചവുമായി എത്തുന്ന നിലാവിന് ഞാൻ ഒരുപാട് ഇഷ്ടപ്പെടുന്നു.പക്ഷെ നിലാവ് ഇരുണ്ട് മേഘങ്ങളുടെ ഇടയിൽ മറയുമ്പോൾ എവിടെ നോക്കിയാലും ഇരുട്ട് മാത്രം ആയിരിക്കും.പക്ഷേ എനിക്ക് രാത്രി വലിയ ഇഷ്ടമാണ്.എന്നാൽ ആ ഇരുട്ടിൽ ഒളിഞ്ഞ് ഇരിക്കുന്ന അപകടത്തെ. ഞാൻ ഇരുട്ടിനെയും രാത്രിയേയും വെറുത്തു തുടങ്ങി. ഞാൻ എന്നും രാത്രിയാകുമ്പോൾ അമ്മയുടെ കൂടെ പുറത്ത് ഇറങ്ങും .എന്നിട്ട് നിലാവിനേയും കണ്ടുനിൽക്കും.

## മരങ്ങളുടെ സൗന്ദര്യം

മരങ്ങൾ,അവർ എപ്പോഴും സൗന്ദര്യം ഉള്ളവരായിരിക്കും. ചില സമയത്ത് മരങ്ങളുടെ സൗന്ദര്യം ഇലകളിലാണ്. ഇലകൾ കാണാൻ അതിമനോഹരമാണ്.പച്ചപ്പ് നിറഞ്ഞ മരം.ഇലകൾ പൊഴിയുന്ന ആ നിമിഷംഅതിന് സൗന്ദര്യംനഷ്ടപ്പെടുന്നു.കുറച്ച് മാസങ്ങൾ കടന്നുപോകുമ്പോൾ പുതിയ ഇലകൾ ജന്മം എടുക്കുന്നു.

## പുഷ്പം

പൂക്കൾ അതിനെ കാണാൻ അതി

മനോഹരമാണ്ഏറ്റവുംകൂടുതൽറോസാപ്പൂക്കൾ

എന്തു ഭംഗിയാണ്.

റോസ്പൂവിനെഇഷ്ടപ്പെടാത്തതായിആരുമില്ല.

ഇതുപോലെത്തന്നെമുല്ല,ആമ്പൽ,സൂര്യകാന്തി

അങ്ങനെ എത്ര പൂക്കൾ.ഈ ലോകം മുഴുവൻ

പുഷ്പങ്ങൾകൊണ്ട് നിറഞ്ഞതാണ്.



**മഞ്ജരി ആർ**

**9C**

# അമ്മത്തണൽ

ഒരു ഗ്രാമീണ ഭംഗി നിറഞ്ഞതും നിറയെ മലകളും കുഞ്ഞു തോടുകളും,പുഴകളും നെൽപ്പാടങ്ങളും മേയുന്ന പശുക്കളും ഞാറുനടുന്ന പെണ്ണുങ്ങളും.മാനത്തു കാർമേഘം വന്നു മൂടിക്കിടക്കുന്നു, മയിലുകൾ നൃത്തം ചെയ്യുന്നു.ഈ സാധാരണ ആളുകൾക്കിടയിൽ താമസിക്കുന്ന മൂന്നു പേരടങ്ങുന്ന ഒരു കുടുംബം. അഛനും,അമ്മയും,മകനുമാണ് ഈ കുടുംബത്തിൽ ഉള്ളത്. ഈ മകനെ തന്റെ മാതാപിതാക്കൾ സന്തോഷത്തോടെയും,ലാളിച്ചും തന്റെ വിഷമങ്ങളൊന്നും ഈ മകനെ അറിയിക്കാതെ വളർത്തുന്ന ഒരു പാവം അമ്മയാണ്. അവൻ ഒറ്റ മകനാണ് ആ അമ്മക്കുള്ളത്.തന്റെ അച്ഛൻ മുഴു കുടിയനാണെങ്കിലും കുടുംബത്തിന്റെ ആവശ്യങ്ങളെല്ലാം ചെയ്തു കൊടുക്കുമായിരുന്നു.അവൻ എന്തു കാര്യം തന്റെ അച്ഛനു ഒരു ദുഷ്ട സ്വഭാവം ഉണ്ടായിരുന്നു. അവന്റെ രാപ്പകൽ കഷ്ടപ്പെട്ട് കൊണ്ടു വരുന്ന നിറയെ ഉപ്പു വീണ അഴുക്കുപിരണ്ട ആ നാണയപൈസകൾ ഒരു ദാക്ഷിണ്യവും ഇല്ലാതെ ഇദ്ദേഹം കൊണ്ടുപോകുമായിരുന്നു.”എന്തു കഷ്ടമാണ് ഈ അമ്മയുടെ കാര്യം.”

വർഷങ്ങൾക്കുശേഷം തന്റെ അച്ഛൻ കൺ മുന്നിൽ നിന്ന് മാഞ്ഞു.ആ അമ്മയ്ക്ക് ഒരുപാട് വിഷമമുണ്ടായിരുന്നു.എന്നാലും അച്ഛൻ വിട്ടുപിരിഞ്ഞപ്പോൾ കുടുംബത്തിൽ ദാരിദ്ര്യം തുടങ്ങി.
കുറേ നാളുകൾക്കുശേഷം.....
അവന്റെ ആവശ്യങ്ങൾ ഒന്നും അമ്മക്കും സാധ്യമാക്കിക്കൊടുക്കാൻ കഴിഞ്ഞില്ല.രാത്രി സമയങ്ങളിൽ തന്റെ ഭർത്താവ് അന്തി ഉറങ്ങുന്ന മണ്ണിൽ അലമുറയിട്ടു കരയുമായിരുന്നു.അങ്ങനെ അവർ വളർന്നു.

അവൻ വിദേശത്തേക്ക് യാത്രയായി.അവനൊരു കുടുംബമായി.വിധവയായ അമ്മ ഇപ്പോ ഒറ്റക്കായി.അമ്മയെക്കുറിച്ച് ഒരു ചിന്തയുമില്ല.അമ്മക്ക് ഈ മകനെ തന്റെ കണ്ണടക്കുംമുൻപ് കാണാൻ വളരെ ആഗ്രഹിച്ചിരുന്നു.മകൻ വിളിക്കുമ്പോൾ എപ്പോഴും പറയാറുണ്ട് അമ്മയുടെ ബുദ്ധിമുട്ടുകൾ.എന്നാലും ഈ
മകന് അമ്മയെക്കാണാൻ ആഗ്രഹമില്ല.മകന്റെ പണത്തിലും പദവിയിലും ആഡംബരത്തിലും തന്റെ അമ്മയിൽ നിന്നു താൻ അകലുകയാണ് എന്ന് അറിയുന്നില്ല.ഈ മകനുവേണ്ടി മാത്രമായി ജീവിച്ച ഈ അമ്മയെ ഒരു നോക്കു കാണാൻ വരുമെന്ന് പ്രതീക്ഷയിൽ ആ അമ്മ നാളുകൾ തള്ളി നീക്കി.

ദിവസങ്ങൾ കടന്നു പോയി........
ആഴ്ചകളും മാസങ്ങളും.......
ഏകാന്തതയും അവഗണനയും അമ്മയെ വല്ലാതെ തളർത്തി.
ഒരു ഭ്രാന്തിയെപ്പോലെ അലഞ്ഞുതിരിഞ്ഞു നടന്നു.ഊണില്ല,ഉറക്കമില്ല ആ ഗ്രാമത്തിന്റെ മുക്കിലും മൂലയിലും അവർ അവനെ തിരഞ്ഞു.

പക്ഷെ യാതൊരു ഫലവുമുണ്ടായിരുന്നില്ല.ആഹാരവും വെള്ളവും

കുടിക്കാതെ നടന്ന അമ്മയുടെ അവസ്ഥ എല്ലും തോലുമായി."എന്തു ദയനീയമായ അവസ്ഥ."മകൻ ഇതൊന്നും അറിയാതെ തന്റെ ആഡംബര ജീവിതം ആഘോഷിക്കുകയാണ് കുടംബത്തോടൊപ്പം.

ദിവസങ്ങൾ കടന്നു പോയി....
ഒരിക്കൽ ഈ മകൻ തന്റെ സുഹൃത്ത് വഴി അറിഞ്ഞു.ഈ ലോകത്ത് നിന്ന് തന്റെ അമ്മ എന്നന്നേക്കുമായി മാഞ്ഞുമറഞ്ഞു.കുറ്റബോധവും പശ്ചാത്താപവും അവനെ വല്ലാതെ അലട്ടി.താൻ ഒരിക്കലും ഇങ്ങനെ ചെയ്യരുതായിരുന്നുവെന്നും മകന് മനസ്സിലായി.മാപ്പ് അർഹിക്കുന്ന പ്രവർത്തിയല്ല താൻ അമ്മയോട് ചെയ്തത്.പ്രായശ്ചിത്തം ചെയ്യാൻ അമ്മയിന്ന് ജീവിച്ചിരിപ്പില്ല.താനിനി എന്താണ് ചെയ്യേണ്ടത്.മനസ്സ് ആകെ ഇളകിമറിഞ്ഞിരിക്കുന്നു.അമ്മയോട്  ചെയ്ത പാപം അവനിൽ സഹിക്കാൻ കഴിഞ്ഞില്ല.അവൻ കുറേ നാൾ വിഷമിച്ച് നടന്നിരുന്നെങ്കിലും അവൻ കുറച്ചു നാളുകൾക്ക് ശേഷം ആത്മഹത്യ ചെയ്തു.അവന്റെ സുഹൃത്തുക്കൾ പറയുന്നത് അവന്റെ  മരിച്ചുപോയ അമ്മയുടെ ആത്മാവിന്റെ ശാപമാണ്.

അമ്മ എന്നത് കാണപ്പെട്ട ദൈവമാണ് അമ്മയെ തള്ളിപ്പറയുകയോ കുറ്റപ്പെടുത്തുകയോ ചെയ്യരുത്.



ഹൃദ്യാ ഹരീഷ്

8B

# എന്റെ ഡൽഹി യാത്ര

ചുരുക്കം ചില യാത്രകൾ മാത്രം പോയിട്ടുള്ള എനിക്ക് വ്യത്യസ്തമായ ഒരു അനുഭവ യാത്രയായിരുന്നു അത്. ഒരിക്കലും ചിന്തിച്ചിട്ടില്ലാത്ത സ്ഥലത്തേക്കായിരുന്നു എന്റെ യാത്ര. സ്വപ്നത്തിൽ മാത്രം കണ്ടിരുന്ന സ്ഥലം. 2024 ജനുവരി 23–7:15ന് തിരുവനന്തപുരം റെയിൽവേ സ്റ്റേഷനിലെ രാജധാനി എക്സ്പ്രസ്സിലായിരുന്നു എന്റെ യാത്രയുടെ തുടക്കം. കൃത്യമായി പേര് പോലും അറിയാത്തവരുടെ കൂടെയായിരുന്നു എന്റെ ഈ



യാത്ര. ട്രെയിനിൽ കയറി കുറച്ച് സമയം കഴിഞ്ഞപ്പോഴേക്കും എല്ലവരും കൂട്ടുകാരായി. പിന്നെ കളിയും ചിരിയുമായി ഞങ്ങളുടെ യാത്ര മുന്നോട്ട് പോയി. അതിനിടയിൽ ട്രെയിനിൽ വച്ച് ഒരു അപരിചിതരെ പരിചയപ്പെട്ടു. അവരുമായി ഒരുപാട് സംസരിച്ച് വളരെയധികം ആസ്വദിച്ച് ജനുവരി 25 1:30ന് ഞങ്ങൾ സ്വപ്നത്തിലെ സ്ഥലത്ത് എത്തിചേർന്നു. ഒരുപാട് ആഗ്രഹിച്ച 'ഡൽഹിയിൽ'. ഒരുപാട് സന്തോഷം തോന്നിയ നിമിഷമായിരുന്നു അത്. ഒരിക്കലും മറക്കാനാവാത്ത ഓർമ്മകൾ സമ്മാനിച്ച പത്ത് ദിനങ്ങൾ. കാണാൻ ആഗ്രഹിച്ചിരുന്ന ഒരുപാട് സ്ഥലങ്ങളിൽ വിവിധദിനങ്ങളിലായി ഞങ്ങൾ  പോയി. താജ്മഹൽ, കുത്തബ്മിനാർ, ഇന്ത്യാഗേറ്റ്, രാജ്ഘട്ട്,ജന്തർമന്ദിർ,അങ്ങനെ ഒരുപാട് സ്ഥലങ്ങളിൽ പോയി. പ്രധാനമായും ഞങ്ങൾ ഡൽഹിലേക്ക് പോയത് 2024 ജനുവരി 26ന് ഡൽഹിയിൽ വെച്ച്  നടന്ന റിപ്പബ്ലിക് ദിന പരേഡ് നേരിൽ കാണാനായിരുന്നു.ടിവിയിലും മറ്റും മാത്രം കണ്ടിരുന്ന ഈ പരേഡ് നേരിൽ കാണാൻ അവസരം കിട്ടിയതിൽ ഞാൻ അഭിമാനിക്കുന്നു. ആ വേദിയിൽ വെച്ച് തന്നെ പ്രധാനമന്ത്രിയെയും, രാഷ്ട്രപതിയെയും ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണിനയും കാണാൻ അവസരം ലഭിച്ചിരിക്കുന്നു .

## ഡൽഹിയിലെ അവസാന ദിവസം

ഡൽഹിയിൽ നിന്നും തിരിച്ച് മടങ്ങുന്നതിന്റെ സങ്കടം ഉണ്ടായിരുന്നുവെങ്കിലും ഒരിക്കലും മറക്കാനാവാത്ത ഒരുപാട് ഓർമ്മകൾ കൊണ്ടാണ് തിരിച്ച് പോകുന്നത് എന്നതിലുള്ള സന്തോഷവും ഉണ്ടായിരുന്നു. ചുരുക്കം ചില ആളുകൾക്ക് മാത്രം ലഭിക്കുന്ന ഈ സൗഭാഗ്യം എനിക്ക് ലഭിച്ചതിൽ ഞാൻ അഭിമാനിക്കുന്നു. ആ ദിനങ്ങൾ ഒരിക്കലും മറക്കില്ല



അഥീന യു എസ്
9B

## അന്നും ഇന്നും

ദൈവത്തിന്റെ നാടായ കേരളം ഇന്നാകെ മാറിയിരിക്കുന്നു. പഴയകാലത്തുണ്ടായിരുന്ന കേരളമേ അല്ല. ഇന്നൊരുപാട് നല്ലതും ചീത്തയും ആയിട്ടുള്ള കാര്യങ്ങൾ വന്നു ചേരുന്നു.അന്നായിരുന്നെങ്കിലോ ഒരു  നേരത്തെ ആഹാരത്തിന് വേണ്ടി നൂറോളം പട്ടിണി പാവങ്ങൾ അന്നം തേടുന്നു.അവിടെ ഒരു യുദ്ധക്കളം തന്നെ ഉണ്ടാകുമായിരുന്നു. എന്നാൽ ഇന്നതൊന്നും ഇല്ല.പിന്നെ അന്നത്തെകാലത്ത് ഒരു വണ്ടിയോ,വള്ളമോ ഇല്ലായിരുന്നു.ആളുകൾ നടന്നായിരുന്നു പോയിരുന്നത്.നടന്ന് പോകുമ്പോൾ കൈയിൽ  ഒരു പൊതിച്ചോർ കരുതുമായിരുന്നു. ഉച്ചയാകുമ്പോൾ അവിടെ അടുത്തുള്ള ഏതെങ്കിലും വീട്ടിൽ കയറി ഇരുന്ന് കഴിക്കുമായിരുന്നു.പൊതിച്ചോറിന് ഒരൊന്നൊന്നര രുചിയാണ്.പൊതിച്ചോറ് തിന്നാത്തവൻ നല്ലതുപോലെ ജീവിതത്തിൽ സുഖം അനുഭവിച്ചിട്ടില്ല.എന്നാൽ ഇന്നാണെങ്കിലോ നടന്ന് പോകുന്നതിന് പകരം അവരവരുടെ വാഹനങ്ങളിൽ ആണ് യാത്ര.ആഹാരമാണെങ്കിലോ വഴിയിലുള്ള ഏതെങ്കിലും ഒരു ഹോട്ടലിലെ    ഫാസ്റ്റ് ഫുഡുകൾ.പണ്ടൊക്കെ ഒരു മൊബൈൽഫോണുകൾ പോലും ഇല്ലായിരുന്നു മൊബൈലിന് പകരം കത്തുകളായിരുന്നു.കത്തുകളിലൂടെ സുഖവിഷേശം പറയുമായിരുന്നു.അന്നൊക്കെ ടി.വികൾക്ക് പകരം റേഡിയോകൾ ആയിരുന്നു.റേഡിയോയിലൂടെ പുറത്ത് നടക്കുന്ന വാർത്തകൾ അറിയുമായിരുന്നു.പണ്ടത്തെ എല്ലാ വീടുകളിലും കൂട്ടുകുടുംബങ്ങളായിരുന്നു ഒരുപാട് കുട്ടികളും മുതിർന്നവരും ഒക്കെ അങ്ങിയ കുടുംബം. ഇന്നാണെങ്കിലോ ഒരു വീട്ടിൽ നാലോ, അഞ്ചോ അംഗങ്ങൾ മാത്രം.

കൂട്ടുകുടുംബങ്ങളെല്ലാം ഓരോ കുടുംബങ്ങളായി മാറി.പണ്ടൊക്കെ കുട്ടികൾക്ക് ചോറ് കൊടുത്തിരുന്നത് ആകാശത്തെ നക്ഷത്രങ്ങളെയും,ചന്ദ്രനെയും കാക്കകളെയും,കുയിലിനെയും ഒക്കെ കാണിച്ചായിരുന്നു. ഇന്നാണെങ്കിലോ മൊബൈൽ ഫോണുകളും,ടി.വികളും കാണിച്ചാണ് ചോറ് കൊടുക്കുന്നത്.അന്നത്തെ കുട്ടികൾ വിദ്യാലയങ്ങളിൽ പോയിരുന്നത് നടന്നായിരുന്നു എത്ര മൈൽ അകലെയാണെങ്കിലും കൂട്ടുകാരോടൊപ്പം കാടും,പുഴയും,തോടുമൊക്കെ കടന്നായിരുന്നു പോയിരുന്നത്.എന്നാൽ ഇന്ന് സ്കൂളിലേക്ക് കൊണ്ട് പൊകാൻ ഒരു ബാഗോ,കുപ്പിയോ ഒന്നുമില്ലായിരുന്നു.അന്ന് പാഠപുസ്തകങ്ങൾ  കൈയിൽ വെച്ചായിരുന്നു കൊണ്ട് പോകുയിരുന്നത്.ഇന്നത്തെ കാലവും അന്നത്തെ കാലവും ഒരുപാട് വ്യത്യാസങ്ങൾ വന്നു. ഇന്ന് കാലം ഒരുപാട് മാറിയിരിക്കുന്നു......!

സന നസ്റിൻ

8B

ആസ്വാദനം

## നോവൽ : ആരാച്ചാർ
### കഥാകൃത്ത് : കെ ആർ മീര

മലയാളത്തിലെ പ്രശസ്ത പത്രപ്രവർത്തകയും എഴുത്തുകാരിയുമായ കെ ആർ മീരയുടെ ഏറ്റവും മികച്ച നോവലുകളിൽ ഒന്നാണ് "ആരാച്ചാർ".ഇന്നെവരെ മലയാളികൾക്ക് പരിചിതമല്ലാത്ത വ്യത്യസ്തമായ ഒരു പ്രമേയമാണ് ഈ നോവൽ ആവിഷ്കരിക്കുന്നത്. ചേതനാ ഗൃദ്ധാമാലിക്ക് എന്ന ആരാച്ചാർ കുടുംബത്തിൽ ജനിച്ച ഒരു സാധാരണ പെൺക്കുട്ടിയുടെ ജീവിതത്തെ ചുറ്റിപറ്റിയുള്ള കഥയാണ് ഈ നോവൽ. സാധാരണ ഗതിയിൽ സഞ്ചരിച്ചിരുന്ന അവളുടെ ജീവിതം പെട്ടന്നാണ് മാറിമറിഞ്ഞത്.

ഒരു നാൾ പെട്ടെന്ന് അവൾ ലോകത്തെ മുഴുവൻ സ്ത്രീശക്തിയുടെ പ്രതീകമായി മാറുന്ന ആദ്യത്തെ വനിത ആരാച്ചാർ ആയി തീരുന്നു. ഇന്നുവരെ ഭൂമിയിൽ ഒരു സ്ത്രീയും കടന്നു ചെന്നിട്ടില്ലാത്ത ജീവിത മേഖലയിലേക്കാണ് നോവലിസ്റ്റ് കടന്നുചെല്ലുന്നത്.ചേതനയുടെ കഥയെന്നാൽ നാന്നൂറ് വർഷം പഴക്കമുള്ള അവരുടെ പാരമ്പര്യത്തിന്റെ കഥ കൂടിയാണ്. ബംഗാൾ പ്രദേശത്തെ ചുറ്റിപറ്റിയാണ് ഈ നോവൽ ചിത്രീകരിച്ചിരിക്കുന്നത്. യതീന്ദ്രനാഥ് ബാനർജിയെ തൂക്കിലേറ്റൽ ആണ് അവൾക്ക് ലഭിക്കുന്ന ആദ്യ ദൗത്യം . അതിന് അവളെ സന്നദ്ധയാക്കുന്നത് ബൃഹത്തായ ആരാച്ചാർ പാരമ്പര്യമാണ്. ക്രിസ്തുവിന് മുമ്പ് നാന്നൂറിലേറെ വർഷങ്ങളിൽ പേരുകൾ ഊന്നിയിട്ടുള്ള ആ പരാമ്പര്യത്തെക്കുറിച്ച് പിതാവ് ഫണിഭൂഷൻ ഗൃദ്ധാമാലിക്ക് അഭിമാനത്തോടെ ചേതനയ്ക്ക് പറഞ്ഞുകൊടുക്കുന്നു. അത് കേട്ടാണ് ചേതന വളർന്നത്. ഒരാളുടെ ജീവൻ എടുക്കുന്നത് ഗൃദ്ധാമാലിക്കുകളെ സംബന്ധിച്ചടത്തോളം നിസ്സാരമായ കാര്യമാണ്.

പ്ലസ്ടുവിൽ ഉന്നതവിജയം നേടിയ ഇരുപത്തിരണ്ട് വയസ്സുകാരിയായ ചേതനയുടെ വ്യക്തിത്വവും അതിലൂടെ രൂപപ്പെടുന്ന മാനസികാവസ്ഥയുമാണ് ഈ നോവലിൽ പറയുന്നത്. യതീന്ദ്രനാഥ് ബാനർജിയുടെ ദയാഹർജി രാഷ്ട്രപതി തള്ളി എന്ന ടി.വി വാർത്തയിൽ തുടങ്ങുന്ന കൃതി സർവബന്ധനങ്ങളിൽ നിന്നും മോചിതമായാവുന്ന ചേതനയിൽ അവസാനിക്കുന്നു. ആദ്യ ഉദ്യമം ഏറ്റെടുത്ത ശേഷം അവളെ ചതിക്കാൻ ശ്രമിച്ച സഞ്ജയ് എന്ന പത്രപ്രവര്ത്തകന്റെ കഴുത്തിൽ കൊലക്കയർ മുറുകുന്നതുവരെയുള്ള കൃത്യം

നിർവഹിക്കുന്നത് വരെയുള്ള അവളുടെ ജീവിത വികാസങ്ങളാണ് നോവലിന്റെ കാലപരിധി. സമൂഹത്തിൽ നിലനിൽക്കുന്ന പുരുഷമേധാവിത്വം ഇന്ത്യൻ രാഷ്ട്രീയം സ്ത്രീകൾക്കു നേരെയുള്ള അതിക്രമണങ്ങൾ, മാധ്യമങ്ങളുടെ കടന്നുകയറ്റം എന്നിങ്ങനെ ചരിത്രത്തിനോപ്പം സഞ്ചരിക്കുന്ന ആലികാലികവും കഥയിലുടനീളം ദൃശ്യമാകുന്നു. “ആരാച്ചാർ"ഇന്ത്യൻ സാഹിത്യത്തിൽ തന്നെ സമാനതകളില്ലാത്ത കൃതിയായി മാറുന്നു.



ഫാത്തിമ സുൽത്താന

**10B**

# അതിജീവനത്തിൻെറ തിരിച്ചുവരവ്

ഒരുപാട് നാൾക്കുശേഷമാണ് എൻെറ തിരിച്ചുവരവ്. ബാംഗ്ലൂരിലെ തിരക്കേറിയ തെരുവിനോടു ഞാൻ വിട പറഞ്ഞാണ് അവിടെ നിന്നും ഞാൻ ഇറങ്ങിയത്. തിറക്കേറിയ ഈ കൊച്ചു നഗരത്തിന് ബാംഗ്ലൂർ എന്ന പേര് ആരോ നൽകി. ഈ തിരിച്ചുവരവ് എൻെറ നാട്ടിലേക്ക് മാത്രമല്ല എൻെറ പുതിയ ജീവിതത്തിലേക്ക് കൂടിയാണ്.
എന്നും രാവിലെ കേൾക്കുന്ന ശബ്ദം ഓരോ വണ്ടിയുടെയുമാണ്. എന്നാൽ ഈ കുറച്ചു ദിവസം ഞാൻ കേട്ടത് ഓരോ കിളിയുടെയും കൊഞ്ചൽ നാദമാണ്. നാട്ടിൻെറ ഗ്രാമീണ ഭംഗി മറ്റൊരു നാട്ടിനും വരില്ലെന്ന് ഞാൻ മനസ്സിലാക്കി.പതുക്കെ പതുക്കെ എൻെറ ജീവിത ശൈലിക്കും ആ മാറ്റം അനുഭവപ്പെട്ടു. എന്താണെന്ന് അറിയില്ല എൻെറ ജന്മനാട്ടിലേക്കു വന്നപ്പോൾ ഞാൻ എന്നെ തന്നെ മറന്നു. പിന്നീടാണ് ഞാനാകാര്യം മനസ്സിലാക്കിയത് .ഈ തിരിച്ചുവരവ് എൻെറയോ ഞാൻ തിരിച്ചുവന്നതുകൊണ്ടോ തീരുന്നില്ല എന്ന്. ഒരു മഹാപ്രളയം എൻെറ നാട്ടിൻെറ ശൈലിയെ മാറ്റികഴിഞ്ഞിരുന്നു. ഈ മഹാപ്രളയത്തിൽ നിന്നും എൻെറ നാട്ടിൻെറ തിരിച്ചുവരവു കൂടിയാണ്. ഈ പ്രളയം എൻെറ നാട്ടിനെ മുഴുവനായും മാറ്റിയിരുന്നു .ജാതി-മതം-വർഗ്ഗ-വർണ്ണ ചിന്തയിൽ നിന്നും മോചനം കുറച്ചൊക്കെ നേടിയിരുന്നു. ഒരേ ക്യമ്പിൽ ജാതിയെന്നോ-മതമെന്നോ വേർതിരിവില്ലാതെയാണ് ഓരോ മണുഷ്യരും കിടന്നത്. പക്ഷെ ഈ പ്രളയം ഉണ്ടായി. ഒരുപാട് പിഞ്ചു കുഞ്ഞുങ്ങൾ വരെ മരണമടഞ്ഞു. എന്നാലും ഇതിനെയൊക്കെ അതിജീവിച്ച് നമ്മൾ. ഇനിയൊരു തിരിച്ചു വരവില്ലെന്ന് എല്ലാരും കരുതി .പക്ഷെ ഇതുകൊണ്ടെന്നും ആരും തളരില്ല എന്ന് ഇപ്പോളാണ് എല്ലാവർക്കും മനസ്സിലായത്. നമ്മൾ
എല്ലാവരും ഒറ്റകെട്ടാണെന്ന് ഇപ്പോൾ എല്ലാവർക്കും മനസ്സിലായി. എനിക്ക് തിരിച്ചുവരവിന് ഒരന്ത്യവുമില്ല. പക്ഷെ എനിക്ക് തിരിച്ചു പോകേണ്ടതുണ്ടായിരുന്നു....

46 വർഷങ്ങൾക്കു ശേഷം

ഒരു രാവിലെ ഒരു ന്യൂസ് പേപ്പർ ഞാൻ വായിച്ചു. "കേരളത്തിൽ കോവിഡ്" എന്ന തലക്കെട്ടോടെയായിരുന്നആ വാർത്ത.ആ വാർത്ത അത്യന്തം സങ്കടകരമായിരുന്നു.ഇനി എനിക്ക് നാട്ടിൽ പോകാൻ എന്ന് കഴിയും എന്നായിരുന്നു എൻ്റെ ആശങ്ക....ഈ കാലവും കഴിഞ്ഞ് നല്ലൊരു കാലം വരുമെന്ന പ്രതീക്ഷയോടെയാണ് ഞാൻ ആ പത്രം മടക്കിവച്ചത്.ഓരോ ദിവസം ചെല്ലുംതോറും കൊറോണക്കും അന്ത്യമില്ലാതെ വർദ്ധിച്ച് വരുന്നുണ്ടായിരുന്നു.എന്നും ആദ്യം തുടങ്ങുന്നത് "കേരളത്തിൽ കോവിടാശങ്ക വർദ്ധിക്കുന്നു " എന്നായിരുന്നു.എന്നും ഈ ഒരു വാർത്ത മാത്രമായിരുന്നു.പക്ഷേ ഞാനെൻ്റെ പ്രതീക്ഷ കൈവിട്ടില്ല.എന്നെങ്കിലും ഒരുനാൾ നാട്ടിലേക്ക് എത്താമെന്നുള്ള പ്രതീക്ഷയോടെയാണ് ഞാനെൻ്റെ

ഓരോദിവസവും കഴിച്ചു കൂട്ടിയത്.പക്ഷേ,അപ്പോഴും ഇതിന് ഒരന്ത്യവുമില്ലായിരുന്നു.എന്റെ അവസ്ഥ ഇതാണെങ്കിൽ എന്റെ നാട്ടിലുള്ളവരുടെ അവസ്ഥ എന്തായിരിക്കും ഇനിയെത്രനാൾ ഇങ്ങനെയെന്ന് എനിക്കും ആർക്കും അറിയില്ല.

അങ്ങനെ..അങ്ങനെ..

ഒരുപാട് വർഷങ്ങൾ കടന്നുപോയി.അന്ന് രാവിലെ തന്നെ വന്ന വാർത്ത ഇതായിരുന്നു."കേരളത്തിൽ കോവിഡ് ആശങ്കയ്ക്കു കുറവ്" എന്നായിരുന്നു. പിന്നീട് ഞാൻ നാട്ടിലേക്കു തിരിച്ചുപോയി,അന്ന് എൻെറ തിരിച്ചുവരവ് മാത്രമല്ലായിരുന്നു എൻെറ നാടിൻെറ തിരിച്ചുവരവ്കൂടിയായിരുന്നു കോവിഡിൽ നിന്നുള്ളത്. "ഇത് എൻെറ കഥയല്ല കേരളത്തിൻെറ കഥ".... "അതിജീവനത്തിൻെറയും തിരിച്ചുവരവിൻെറയും കഥ"....
ഇത് വെറും തിരിച്ചുവരവല്ല ... അതിജീവനത്തിൻെറ തിരിച്ചുവരവ്.



അതിഥി എ എസ്

7B

# വരകൾ വർണ്ണങ്ങൾ















